**പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ – മ്യൂസിയം ഓഡിറ്റോറിയം പ്രാബല്യത്തിൽ വരുന്ന തീയതി: 01/04/2025**

1. ഓഡിറ്റോറിയം കല, കരകൗശല, സാഹിത്യ, വിദ്യാഭ്യാസ, ശാസ്ത്രീയ, സാംസ്കാരിക സമ്മേളനങ്ങൾ, യോഗങ്ങൾ, മറ്റു അനുബന്ധ പരിപാടികൾക്കായി ബുക്ക് ചെയ്യാവുന്നതാണ്.
2. പൂർണദിന ടാരിഫ് പ്രകാരം, രാവിലെ 10:00 മുതൽ വൈകിട്ട് 5:00 വരെ ലഭ്യമാണ്. രാവിലെ 9:00 മുതൽ 1:00 വരെ, വൈകിട്ട് 3:00 മുതൽ 9:00 വരെ ബുക്ക് ചെയ്യാം.
3. ശാസ്ത്ര-കല പ്രദർശനങ്ങൾക്കായി വേദി രാവിലെ 10:00 മുതൽ വൈകിട്ട് 7:00 വരെ ലഭ്യമാണ്.
4. ബുക്കിംഗിനായി അടച്ച പണം ഏതൊരു സാഹചര്യത്തിലും മടക്കിനൽകുകയില്ല.
5. പരിപാടിയുടെ തീയതി മാറ്റേണ്ടതുണ്ടെങ്കിൽ, അതിനായി മുൻകൂട്ടി ഔപചാരികമായ അഭ്യർത്ഥന നൽകണം.
6. അലങ്കാര പ്രവർത്തനങ്ങൾക്കായി ഓഡിറ്റോറിയം ഓഫീസിലെ പ്രവർത്തന സമയത്ത് ലഭ്യമാണ്, കാരണം ഗേറ്റ് പാസുകൾ അതിനുള്ളിൽ മാത്രമേ അനുവദിക്കുകയുള്ളൂ.
7. ഓഡിറ്റോറിയത്തിന്റെ ചുമരുകളിൽ പ്രദർശന വസ്തുക്കൾ തൂക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.
8. വകുപ്പ് ഗ്രീൻ പ്രോട്ടോകോൾ പിന്തുടരുന്നതിനാൽ, പ്ലാസ്റ്റിക്, ഫ്ലെക്സ് ബാനറുകളുടെ ഉപയോഗം നിരോധിച്ചിരിക്കുന്നു. LED വാൾ സൗകര്യം ഉപയോഗിക്കാവുന്നതാണ്.
9. വകുപ്പിന്റെ സ്റ്റാൻഡുകളും ബോർഡുകളും ഉപയോഗിക്കുമ്പോൾ, ആണികൾ, സ്റ്റാപ്ലർ തുടങ്ങിയവ ഉപയോഗിക്കരുത്; സ്റ്റിക്കർ, ടേപ്പ് എന്നിവകൊണ്ടു അവയെ കേടുവരുത്താൻ പാടില്ല.
10. റിഫ്രഷ്മെന്റായി ചായയും സ്നാക്കുകളും മാത്രം അനുവദിക്കപ്പെടും. ഇത് നിർദ്ദിഷ്ട പാന്ട്രിയിൽ മാത്രം വിതരണം ചെയ്യണം.
11. ഓഡിറ്റോറിയത്തിൽ സ്മോക്ക് സെൻസറുകൾ സ്ഥാപിച്ചിരിക്കുന്നതിനാൽ, എണ്ണ വിളക്കു തെളിയിച്ചുള്ള ഉദ്ഘാടനം ചടങ്ങുകൾ അനുവദനീയമല്ല.
12. പരിപാടിക്കിടെ ഉണ്ടാകുന്ന മാലിന്യങ്ങൾ നീക്കം ചെയ്യേണ്ട ഉത്തരവാദിത്തം സംഘാടകരുടേതാണ്.
13. ലൗഡ്സ്പീക്കറും മ്യൂസിക് സിസ്റ്റവും ഉപയോഗിക്കുന്നത് മുൻകൂട്ടി അനുമതി ലഭിച്ചിരിക്കണം, കൂടാതെ decibel പരിധിക്കുള്ളിൽ ആയിരിക്കണം.
14. ഊർജ്ജവും വെള്ളവും പാഴാക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.
15. പബ്ലിക് അഡ്രസ് സിസ്റ്റം ഉദ്ഘാടനം ചടങ്ങുകൾക്കായി മാത്രം ഉപയോഗിക്കാം; നാടകങ്ങൾക്കും സംഗീത പരിപാടികൾക്കും ഇത് ലഭ്യമല്ല.
16. വാടകയും കോഷൻ ഡിപ്പോസിറ്റും അടച്ച് ബുക്കിംഗ് സ്ഥിരീകരിക്കണം; ഇല്ലെങ്കിൽ, പണമടച്ച മറ്റ് അപേക്ഷകർക്ക് അവസരം നൽകും.

17. കോഷൻ ഡെപ്പോസിറ്റ് പണമായി മാത്രം സ്വീകരിക്കും. മടക്കിനൽകുന്നതിനായി യഥാർത്ഥ രസീത് ഹാജരാക്കണം.
18. പുകവലി, മദ്യവും മയക്കുമരുന്നുകളും ഉപയോഗിക്കൽ, ശുചിമുറികളിൽ സാനിറ്ററി നാപ്കിൻ തെറ്റായ രീതിയിൽ ഉപേക്ഷിക്കൽ എന്നിവ നിരോധിച്ചിരിക്കുന്നു.
19. ഓഡിറ്റോറിയം മതപരമായോ രാഷ്ട്രീയപരമായോ, അല്ലെങ്കിൽ പൊതുഅശാന്തി ഉണ്ടാക്കുന്ന പരിപാടികൾക്കായി ഉപയോഗിക്കരുത്.
20. കിഴക്കേ ഗേറ്റിനടുത്തും അക്വേറിയത്തിനടുത്തുമുള്ള നിർദ്ദിഷ്ട ഇടങ്ങളിൽ മാത്രം (4x3 അടി വലുപ്പത്തിലുള്ള ബോർഡുകൾ) ബാനറുകൾ സ്ഥാപിക്കാം. പരിപാടിക്ക് ശേഷം എല്ലാ പ്രദർശന വസ്തുക്കളും നീക്കം ചെയ്യണം.
21. അധിക വൈദ്യുതി ആവശ്യങ്ങൾ സംഘാടകർ സ്വന്തം ചെലവിൽ തന്നെ ഒരുക്കണം,.
22. പരമാവധി ഏഴ് വാഹനങ്ങൾക്കാണ് പാർക്കിംഗ് അനുമതി.
23. പരിപാടിക്കിടെ പങ്കെടുത്തവരുടെ പെരുമാറ്റവും സുരക്ഷയും അപേക്ഷകന്റെ ഉത്തരവാദിത്വമാണ്.
24. അലങ്കാരങ്ങൾ, സ്റ്റേജ് ക്രമീകരണങ്ങൾ എന്നിവ പരിപാടിക്ക് ശേഷം അപേക്ഷകൻ തന്നെ കേടുപാടുകൾ ഉണ്ടാക്കാതെ നീക്കം ചെയ്യണം;
25. നിയമലംഘനമോ ദുരുപയോഗമോ ഉണ്ടായാൽ, വകുപ്പിന് ബുക്കിങ്ങുകൾ റദ്ദാക്കാനും അനുമതി നിഷേധിക്കുന്നതിനും അധികാരമുണ്ട്.
26. ഓഡിറ്റോറിയം സ്വത്തുക്കൾക്ക് കേടുപാടുകൾ സംഭവിച്ചാൽ, കർശന നടപടി സ്വീകരിക്കും; ഈ സാഹചര്യത്തിൽ കാഷൻ ഡിപ്പോസിറ്റ് കോഷൻ ഡെപ്പോസിറ്റ് പിഴയായി കണക്കാക്കും.

**ഡയറക്ടർ**